അത് ഭൂരിഭാഗവും കൺസ്യൂമർ കാർഡിന് നൽകുന്ന അപേക്ഷഫാറം ഉപഭോക്താവ് പൂരിപ്പിച്ചു നൽകുന്നത് സംബന്ധിച്ചുള്ളവയാണ്. ഈ തെറ്റിദ്ധാരണകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൺസ്യൂമർ കാർഡ് ഉപഭോക്താക്കൾക്ക് പ്രയോജനകരമാണെന്നതിനാൽ പിൻവലിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

കൺസ്യൂമർ കാർഡ് പരസ്യങ്ങൾക്കായി കെ.എസ്. ഇ.ബി. ചെലവഴിച്ച തുക

77 (3478)ശ്രീ. വി. ബാലറാം :

ശ്രീ. കെ.പി. വിശ്വനാഥൻ :

ശ്രീമതി രാധാ രാഘവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കൾക്ക് കൺസ്യൂമർ കാർഡ് നൽകുന്നത് സംബന്ധിച്ച് വാർത്താ മാധ്യമങ്ങൾക്ക് പരസ്യം നൽകിയതിന് കെ.എസ്.ഇ.ബി.യ്ക്ക് മൊത്തം എന്തു തുക ചെലവ് വന്നു;

(ബി) ഓരോ മാദ്ധ്യമങ്ങൾക്കും എന്ത് തുക വീതം ചെലവ് വന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) കൺസ്യൂമർ കാർഡ് നല്കുന്നത് സംബന്ധിച്ച് വാർത്താമാദ്ധ്യമങ്ങൾക്ക് പരസ്യം നല്കിയതിന് 25,43,500 രൂപ (ഇരുപത്തിയഞ്ചുലക്ഷത്തി നാല്പത്തിമൂവായിരത്തി അഞ്ഞൂറ് രൂപ മാത്രം) ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. പരസ്യം പ്രസിദ്ധീകരിച്ചതിനുള്ള ബില്ലുകൾ ഒന്നും ലഭിച്ചിട്ടില്ലാത്തതിനാൽ ഇതുവരെ തുകയൊന്നും ചെലവായിട്ടില്ല. ടെലിവിഷനിൽ പരസ്യം നല്കിയവകയിൽ 43,500 രൂപയും പത്രങ്ങളിൽ പരസ്യം നൽകിയവകയിൽ 25 ലക്ഷം രൂപയും ചിലവ് പ്രതീക്ഷിക്കുന്നു.

വൈദ്യുതി ബോർഡിൽ കോടതി കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക നിയമ വിഭാഗം

78 (3479)ശ്രീ. വി. ബാലറാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിൽ കോടതി കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേകം നിയമവിഭാഗം ഉണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ലോ ഓഫീസർ തസ്തിക ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഈ തസ്തികയുടെ ചാർജ്ജ് വഹിക്കുന്നത് ആരാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31.12.99 വരെ കേസ്സുകൾ നടത്തുന്നതിലേക്കായി വക്കീൽ ഫീസ് ഇനത്തിൽ എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(ഡി) ബോർഡിലെ ഉദ്യോഗസ്ഥർക്ക് യാത്രാബത്തയ്ക്ക് പരിധി നിശ്ചയിച്ചിട്ടുണ്ടോ; കേരള സർക്കാർ ജീവനക്കാരുടെ ടി.എ.റൂൾസ്/ബില്ലിംഗ് ഇവർക്ക് ബാധകമാണോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സർക്കാർ നിശ്ചയിച്ചിട്ടുള്ള ടി.എ. ബില്ലിംഗിൽ കൂടുതലായി ഏതെങ്കിലും ഉദ്യോഗസ്ഥൻ ടി.എ. കൈപ്പറ്റിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്)ഉണ്ടെങ്കിൽ അനധികൃതമായി ബോർഡ് ഉദ്യോഗസ്ഥർ കൈപ്പറ്റിയ ടി.എ. തുക തിരിച്ചുപിടിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. എന്നാൽ 9/99 മുതൽ ഒഴിഞ്ഞു കിടക്കുകയാണ്. ലോ ഓഫീസറുടെ താൽക്കാലിക ചാർജ്ജ് വഹിക്കുന്നത് നിയമവിഭാഗം ഡെപ്യൂട്ടി സെക്രട്ടറിയാണ്.

(സി) 82,86,985 രൂപ.

(ഡി) അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ വരെയുള്ള തസ്തികകൾക്ക് യാത്രാചെലവിന് പരിധി നിശ്ചയിച്ചിട്ടുണ്ട്. ജീവനക്കാരുടെ ക്ലാസിഫിക്കേഷൻ യാത്രപ്പടിയുടെ നിരക്കുകൾ സംബന്ധിച്ച പ്രത്യേക ഉത്തരവുകളാണ് ബോർഡിൽ നിലവിലുള്ളത്. എന്നാൽ അടിസ്ഥാനപരമായ ചട്ടങ്ങൾക്ക് കേരള സർവ്വീസ് റൂൾ ചാർട്ട് 2 ആണ് അവലംബിക്കുന്നത്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്)ബാധകമല്ല.

വിവിധ മേഖലകളിൽനിന്നും വൈദ്യുതി സ്വീകരിക്കുന്നതിന് ബോർഡിന് ഉപദേശം നൽകുന്ന നടപടി

79 (3480)ശ്രീ. കെ.പി. വിശ്വനാഥൻ :

ശ്രീ. പി.ജെ. ഫ്രാൻസിസ് :

ശ്രീ. വി. ബാലറാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഓരോ മാസവും ആവശ്യമായ വൈദ്യുതിയിൽ ജലവൈദ്യുത പദ്ധതികളിൽനിന്നും കേന്ദ്ര വിഹിതത്തിൽ നിന്നും താപ വൈദ്യുത നിലയങ്ങളിൽ നിന്നും എത്ര വീതം സ്വീകരിക്കണമെന്ന് സംസ്ഥാന വൈദ്യുതി ബോഡിനെ ഉപദേശിക്കുന്നത് ആരാണെന്ന് വെളിപ്പെടുത്തുമോ;

(ബി) 2000-ാം മാണ്ട് ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ഈ ഓരോ സോഴ്സിൽ നിന്നും എത്ര വൈദ്യുതി വീതം സ്വീകരിക്കണമെന്നാണ് ബോർഡിന് ഉപദേശം കിട്ടിയത്;

(സി) ഇതിൽ കായംകുളം താപ വൈദ്യുതനിലയത്തിൽ നിന്നും എത്ര വൈദ്യുതി വീതം ഓരോ മാസവും സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്രയധികം വൈദ്യുതി പ്രസ്തുത മാസങ്ങളിൽ കായംകുളം താപ വൈദ്യുത നിലയങ്ങളിൽ നിന്നും സ്വീകരിക്കുവാനുള്ള കാരണം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly